## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 744 08.01.2014 - ൽ മറുപടിയ്ക്ക്

### തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഐ.സി. യൂണിറ്റുകളിലെ സൗകര്യങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | **ശ്രീ. വി. എസ്. ശിവകുമാർ** (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്ര ഐ.സി. യൂണിറ്റുകളാണുള്ളത്; | (എ) | 16 യൂണിറ്റുകൾ |
| (ബി) ഓരോ വിഭാഗത്തിലും എത്ര രോഗികളെ പരിചരിക്കുന്നതിനുള്ള സൗകര്യങ്ങളാണ് ലഭ്യമായിട്ടുള്ളത്; | (ബി) | ഏകദേശം 170 രോഗികൾക്കുള്ള സൗകര്യമാണ് ലഭ്യമായിട്ടുള്ളത് |
| (സി) ഉൾക്കൊള്ളാവുന്നതിലധികം രോഗികൾ ഐ.സി.യു കളിൽ എത്തുമ്പോൾ ഇവരെ പരിചരിക്കുന്നതിന് സ്വീകരിച്ചുവരുന്ന മറ്റ് മാർഗ്ഗങ്ങൾ എന്തൊക്കെയാണ്; | (സി) | സെമി ഇന്റൻസീവ് കെയർ ഏരിയ, ഹൈ കെയർ ഏരിയ എന്നീ സൗകര്യങ്ങൾ ലഭ്യമാണ്. ഐ.സി.യു.വിൽ ഉൾക്കൊള്ളാവുന്നതിലധികം രോഗികൾ എത്തുമ്പോൾ ഈ സൗകര്യങ്ങൾ കൂടി ഉപയോഗപ്പെടുത്തും |
| (ഡി) ഇന്റൻസീവ് കെയർ ആവശ്യമായ മുഴുവൻ രോഗികൾക്കും സൗകര്യം ലഭ്യമാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വിപുലപ്പെടുത്തുവാൻ ശ്രദ്ധിക്കുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഇന്റൻസീവ് കെയർ വിപുലമാക്കുന്നതിനുവേണ്ടി മൾട്ടി ഡിസിപ്ലിനറി ഐ.സി.യു സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഒരു ഏഴുനില കെട്ടിടം നിർമ്മിച്ച് അതിൽ നാലു നിലകളും ഐ.സി.യു ആയി ഉപയോഗിക്കുന്നതിനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ